III.ഇ.ബി./XII-കേരള നിയമസഭ/II-20.

# പന്ത്രണ്ടാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നിയമസഭാ നടപടികളുടെ ചുരുക്കം.

**2006 ഒക്ടോബർ 25, ബുധൻ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങളിൽ മൂന്നെണ്ണം (* 703, *704 & * 705 ) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II. ചരമോപചാരം

മുൻമന്ത്രി കെ. ചന്ദ്രശേഖരൻ, മുൻ നിയമസഭാംഗങ്ങളായിരുന്ന പി. രാമലിംഗം, കെ.എം. എബ്രഹാം, തിരു–കൊച്ചി നിയമസഭാംഗങ്ങളായിരുന്ന എം. വർക്കി, പുറത്തേക്കാട് ചന്ദ്രശേഖരൻ നായർ, മുൻ ലോക്സഭാംഗമായിരുന്ന കെ.എ. രാജൻ, മുൻ കേന്ദ്രമന്ത്രി രവീന്ദ്രവർമ്മ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

## III. അടിയന്തിരപ്രമേയം

കുട്ടനാടൻ പാടശേഖരങ്ങളിൽ പൊതുവേയും അപ്പർ കുട്ടനാട്ടിൽ പ്രത്യേകിച്ചും വിരിപ്പുകൃഷി നടത്തിയ കർഷകരിൽനിന്നും കൊയ്ത്തു കഴിഞ്ഞ് മൂന്നാഴ്ചയിലേറെയായിട്ടും സർക്കാർ പ്രഖ്യാപിച്ച ക്വിന്റലിന് 850 രൂപ നിരക്കിൽ നെല്ല് സംഭരണത്തിന് വീഴ്ചവന്നിരിക്കുന്നതുമൂലം നിരവധി പാടശേഖരങ്ങളിൽ നൂറുകണക്കിന് കർഷകരുടെ നെല്ല് കെട്ടിക്കിടക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംജാതമാവുകയും അടുത്ത പുഞ്ചകൃഷിക്ക് കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചിരുന്ന അനുകൂല്യങ്ങൾ നിർത്തലാക്കിയതു മൂലവും ഉത്ഭവിച്ചിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. തോമസ് ചാഴികാടനും മറ്റ് നാല് അംഗങ്ങളുംചേർന്ന് നൽകിയ അടിയന്തിരപ്രമേയ നോട്ടീസിന് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു. (ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും പ്രസ്താവന നടത്തി.)

## IV. ശ്രദ്ധ ക്ഷണിക്കൽ

(1) വർക്കലയിലൂടെയുള്ള ജലപാത പുനരുദ്ധരിക്കേണ്ടതിന്റേയും പാപ നാശം കടൽത്തീരം സംരക്ഷിക്കേണ്ടതിന്റേയും ആവശ്യകതയിലേയ്ക്ക് ശ്രീ. വർക്കല കഹാർ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് കമ്പോസ്റ്റ് വളവും വൈദ്യുതിയും ഉത്പ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യക തയിലേയ്ക്ക് ശ്രീ. പി.ജെ. ജോസഫ് തദ്ദേശസ്വയംഭരണവും ഗ്രാമവികസ

നവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

V. സബ്മിഷൻ

(1) പോലീസ് വിരട്ടിയോടിച്ചതുമൂലം വെള്ളത്തിൽവീണ് മരിച്ച കടയ്ക്കാവൂർ മണ്ണാത്തിമൂല ചാരുവിള വീട്ടിൽ അജീഷിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. ആനത്തലവട്ടം ആനന്ദനും ഉന്നയിച്ച സബ്മിഷന് ആഭ്യന്ത രവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) കെ.എസ്.ആർ.ടി.സി. യുടെ വടക്കാഞ്ചേരി സബ്–ഡിപ്പോയിൽ ഡീസൽ ഫില്ലിംഗ് സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.എം. ചന്ദ്രൻ ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

(3) വൈദ്യുതി ബോർഡ് ഉപഭോക്താക്കളിൽനിന്നും അധിക ക്യാഷ് ഡെപ്പോസിറ്റ് ഈടാക്കുന്നത് സംബന്ധിച്ച് ശ്രീ.കെ.എം. മാണി ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(ഈ വിഷയം സംബന്ധിച്ച് ശ്രീ.എ.പ്രദീപ് കുമാറും സബ്മിഷൻ കൊ ടുത്തിരുന്നു.)

(4) കേരളത്തിലെ വികലാംഗരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) അടൂരിലെ ഏനാത്ത് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ട തിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) പൂഞ്ഞാറിലെ കൈപ്പള്ളി–ഏന്തയാർ റോഡ് നിർമ്മാണം സംബന്ധിച്ച് ശ്രീ.പി.സി. ജോർജ് ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പു മന്ത്രി മറുപടി നൽകി.

(7) കെ.എസ്.ഇ.ബി.യിൽ പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയ എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികളെ നിയമിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.പി. ജയരാജൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) കൊച്ചി നഗരത്തിൽ ആധുനിക പോലീസ് സംവിധാനം ഏർപ്പെടു ത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പ്രൊഫ. കെ.വി. തോമസ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) ഭരണിക്കാവ് ബ്ളോക്കിൽ ആർ.ഐ.ഡി.എഫ്.–ൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച റോഡിന്റെ പണി തടസ്സപ്പെട്ടത് സംബന്ധിച്ച് ശ്രീ.എം. മുരളി ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) റെയിൽവേ കാറ്ററിംഗ് തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസ ങ്ങൾ സംബന്ധിച്ച് ശ്രീ.എം. ഹംസ ഉന്നയിച്ച സബ്മിഷന് നിയമവും പാർല മെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി മറുപടി നൽകി.

(11) നിർമ്മാണത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് നടപ്പാക്കിയിട്ടുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് സംബന്ധിച്ച് ശ്രീ.കെ. ബാബു ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(12) പന്തളം എം.സി. റോഡിന്റെ വികസനം സംബന്ധിച്ച് ശ്രീ.കെ. കെ. ഷാജു ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(13) അപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ മൃതശരീരം പോസ്റ്റുമോർട്ടം നടത്തുന്നതിനും ഇൻക്വസ്റ്റ് തയ്യാറാക്കുന്നതിനും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കേണ്ടത് സംബന്ധിച്ച് ശ്രീ.എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) 'റീപ് ' എന്ന പാഠപുസ്തകം വിദ്യാലയങ്ങളിൽ പഠിപ്പിക്കാനുള്ള തീരുമാനം സംബന്ധിച്ച് ശ്രീ.സി.പി. മുഹമ്മദ് ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(15) മൂവാറ്റുപുഴ മണ്ഡലത്തിലെ വടക്കൻമല, മഞ്ഞള്ളൂർ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച് ശ്രീ. ബാബു പോൾ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(16) കേരളത്തിലെ ന്യൂ സ്ക്കൂൾ അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് ശ്രീ.കെ.കെ. ജയചന്ദ്രൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(17) കുറ്റ്യാടി കേന്ദ്രമായി ഒരു കാർഷിക ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി കെ.കെ. ലതിക ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(18) ലക്ഷംവീട് കോളനികളിൽ ഉപയോഗിക്കുന്ന മിനി വാട്ടർ ടാങ്കുകൾക്ക് കറണ്ട് ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് ശ്രീ.എ.എം. ആരിഫ് ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(19) പൊന്മുടി പോലീസ് സ്റ്റേഷന്റെ വിപുലീകരണത്തിന് സ്ഥലം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി ജെ. അരുന്ധതി ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(20) കേരള പോലീസിലെ ക്യാമ്പ് ഫോളോവേഴ്സ് വിഭാഗത്തെ സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.പി. തിലോത്തമൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(21) വയനാട് ജില്ലയ്ക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീ.എം.വി. ശ്രേയാംസ് കുമാർ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(22) കണ്ണൂർ ജില്ലാ സെൻട്രൽ ലൈബ്രറിക്ക് കെട്ടിടം പണിയാൻ ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ.കെ.പി. മോഹനൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(23) കണ്ണൂർ എസ്.എൻ. കോളേജിൽ വർദ്ധിച്ചുവരുന്ന അക്രമസംഭവങ്ങളെ സംബന്ധിച്ച് ശ്രീ.പി.സി. വിഷ്ണുനാഥ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(24) മലപ്പുറം കല്പകഞ്ചേരി സ്വദേശിനി റസീനയെ ജോലി വാഗ്ദാനം ചെയ്ത് പ്രലോഭിപ്പിച്ച് കൂട്ടിക്കൊണ്ടുപോയി കൂട്ടബലാൽസംഗം ചെയ്ത കേസ്സിലെ പ്രതികളെ കണ്ടെത്തി ശിക്ഷിക്കേണ്ടത് സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(25) കരമന തളിയൽ ശ്രീകൃഷ്ണനഗർ നിവാസികളായ 5 പേർ പരശുവയ്ക്കലിൽവച്ച് മാരുതി കാറും മണൽലോറിയും തമ്മിൽ കൂട്ടിയിടിച്ച് മരണപ്പെട്ടതു സംബന്ധിച്ച് ശ്രീ.വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(26) തൃശ്ശൂർ ജില്ലയിലെ വേലൂർ പഞ്ചായത്തിലുള്ള കോടശ്ശേരിയിൽ ഇടിമിന്നലേറ്റ് മരണപ്പെട്ട കരിങ്കൽ ക്വാറിത്തൊഴിലാളി കുടുംബങ്ങൾക്ക് സാമ്പത്തികസഹായം നൽകേണ്ടത് സംബന്ധിച്ച് ശ്രീ.എ.സി. മൊയ്തീൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(27) റാന്നി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഒന്നാംവർഷ വിദ്യാർത്ഥികളെ രണ്ടാംവർഷ വിദ്യാർത്ഥികൾ റാഗിംഗിന് വിധേയരാക്കിയത് സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

## VI. മേശപ്പുറത്ത് വച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

## VII. റിപ്പോർട്ട് സമർപ്പണം

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2004–2005 വർഷത്തെ ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.

## VIII. ധനകാര്യം

**<u>2006–2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും</u>**

2006–2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള 481.46 കോടിരൂപയുടെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി പ്രമേയങ്ങളെ പിന്താങ്ങുകയും ചെയ്തു.

ഉപധനാഭ്യർത്ഥന ചർച്ചയിൽ താഴെപ്പറയുന്ന അംഗങ്ങൾ പങ്കെടുത്തു:

(1) ശ്രീ. കെ. ബാബു
(2) ശ്രീ. കെ. കുഞ്ഞിരാമൻ
(3) ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്
(4) ശ്രീ. കെ. രാജു
(5) ശ്രീ. കെ.എം. മാണി
(6) ശ്രീ. കെ.പി. മോഹനൻ
(7) ശ്രീ. പി.ജെ. ജോസഫ്
(8) ശ്രീ. തോമസ് ചാണ്ടി
(9) ശ്രീ. എ.എ. അസീസ്
(10) ശ്രീ. എ.കെ. ശശീന്ദ്രൻ
(11) ശ്രീ. എം.എം. മോനായി
(12) ശ്രീ. പി.ടി.എ. റഹിം
(13) ശ്രീ. എ.സി. മൊയ്തീൻ
(14) പ്രൊഫ.കെ.വി. തോമസ്
(15) ശ്രീ. മുരളി പെരുനെല്ലി
(16) ശ്രീമതി കെ.എസ്. സലീഖ
(17) ശ്രീ. പി. തിലോത്തമൻ
(18) ശ്രീ. വി. ശിവൻ കുട്ടി
(19) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഉപധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറഞ്ഞു.

ചർച്ചചെയ്ത് പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളിൽ XXVIII, XII, XVII, XVIII, XXXVIII എന്നിവ 36–നെതിരെ 87 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു

V, VI, XI, XXVI, XLII, XV, XXIV, XXVII, XXIX, XXX, XXXIV, XXXV, XXXVII, XXXVIII, XL, XLI, എന്നീ നമ്പർ ഉപധനാഭ്യർത്ഥനകളും ചർച്ചകൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX. **58-ാം ചട്ടപ്രകാരമുള്ള ചർച്ച**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 58–ാം ചട്ടപ്രകാരം "മാറാട് കൂട്ടക്കൊലപാതകത്തെപ്പറ്റിയുള്ള അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിനെക്കുറിച്ച് സഭ ചർച്ചചെയ്യണം"എന്നാവ ശ്യപ്പെട്ടുകൊണ്ട് ശ്രീ. ആര്യാടൻ മുഹമ്മദ് നൽകിയ നോട്ടീസ് സഭ പരിഗണ നയ്ക്കെടുത്തു.

(മാറാട് കമ്മീഷൻ റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യുന്നതുകൊണ്ട് മതസൗഹാർദ്ദത്തിനോ സാഹോദര്യത്തിനോ പോറലേൽപ്പിക്കുന്ന വിധത്തിലോ മതസൗഹാർദ്ദം തകർക്കുന്നതരത്തിലോ ഉള്ളതായ പരാമർശമൊന്നും ഉണ്ടാകാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.)

. ചർച്ചയിൽ താഴെപ്പറയുന്ന അംഗങ്ങൾ പങ്കെടുത്തു:

(1) ശ്രീ. ആര്യാടൻ മുഹമ്മദ്

(2) ശ്രീ. പി. ജയരാജൻ

(3) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

(4) ശ്രീ. എൻ. അനിരുദ്ധൻ

(5) ശ്രീ. കെ.എം. മാണി

(6) ശ്രീ. എം.കെ. പ്രേംനാഥ്

(7) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

(8) ശ്രീ. കെ.കെ. ഷാജു

(9) ശ്രീ. വി. സുരേന്ദ്രൻപിള്ള

(10) ശ്രീ. എ.എ. അസീസ്

(11) ശ്രീ. കെ.ബി. ഗണേഷ് കുമാർ

(12) ശ്രീ.എ.കെ. ശശീന്ദ്രൻ

(13) ശ്രീ. കെ.ടി. ജലീൽ

(14) ശ്രീ. പി.സി. ജോർജ്

(15) ശ്രീ. പി.എം.എ. സലാം

(16) ശ്രീ. കെ. സുധാകരൻ

(17) ശ്രീ. പി. വിശ്വൻ

(18) ശ്രീ. ഉമ്മൻ ചാണ്ടി.

ചർച്ചയ്ക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറുപടി പറഞ്ഞു. .

2006 ഒക്ടോബർ മാസം 26–ാം തീയതി വ്യാഴാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 9.08–ന് പിരിഞ്ഞു.